# 9
# ചെറിയ പ്രാർത്ഥനകൾ ഇല്ല

എല്ലാവരും പ്രാർത്ഥനയിൽ വിശ്വസിക്കുന്നു ... എല്ലാവരും പ്രാർത്ഥനയെ സംശയിക്കാറു് ... ചിലർ പ്രാർത്ഥനയെ വെറും ആത്മ നിർദ്ദേശമായി മാത്രം കാണുന്നു; വേറെ ചിലർ അതിനെ ശക്തിയുള്ള അത്ഭുതമായി കാണുന്നു; മറ്റു ചിലർ ഈ ര് അറ്റങ്ങൾക്കിടയിൽ ആയിരിക്കുന്നു. പ്രാർത്ഥനയെ കുറിച്ച് ആളുകൾ ഇന്നു ചിലത് വിശ്വസിക്കുന്നു്. വികാരമില്ലാത്തവർ മുതൽ യുക്തി പരമായവർ വരെ, ചില പ്രാർത്ഥനകൾ പരിശീലിക്കുന്നവരാണ്. ഒരു ഉപദേഷ്ടാവ് ആശുപത്രിയിൽ ഒരു രോഗിയെ ശുശ്രൂഷിക്കേ ചുമതലയിൽ ആയിരുന്നു. നിർണ്ണായകമായ ഓപ്പറേഷനുവേി കാത്തുകിടന്ന, ഒരു സഭാംഗം, മന്ത്രിച്ചു, ഉപദേഷ്ടാവേ, എനിക്കുവേി ഒരു ചെറിയ പ്രാർത്ഥന നടത്തിയാലും. ഉപദേഷ്ടാവ് അദ്ദേഹത്തെ ഞെട്ടിച്ചുകൊു പറഞ്ഞു, *ഇല്ല! ഞാൻ അതു ചെയ്യുകയില്ല!* ചെറിയ പ്രാർത്ഥനകൾ ഇല്ല! *ആമേൻ!* സമൂഹം ഒത്തൊരുമിച്ചു നടത്തുന്ന ശക്തമായ പ്രാർത്ഥനകൾ എനിക്ക് അലോസരമുാക്കുന്നു്, എന്നാൽ അവ അനുസരിച്ചു പ്രവർത്തിച്ചാൽ ഫലമു് എന്ന ധാരണ ആ പ്രാർത്ഥനകൾക്ക് ഉാക്കുവാൻ സാധിക്കുന്നു. നമ്മുടെ ജീവിതങ്ങളിൽ ദൈവത്തെ ആഗ്രഹിക്കുകയും അനുവദിക്കുകയും വേണം. ഓപ്പറേഷനുവേി കാത്തുകിടക്കുന്ന രോഗിയിൽ നമുക്കെല്ലാവർക്കും സഹതാപമു്, എന്നാൽ അയാൾ ര് നിർണ്ണായക തെറ്റുകൾ ചെയ്തു: (1) തന്റെ രോഗത്തിന്റെ ഗൗരവം അയാൾക്കു കാണുവാൻ കഴിഞ്ഞില്ല, കൂടാതെ (2) വിശ്വസ്തമായ പ്രാർത്ഥനയിൽ തന്നെ കൈവിട്ടുകൊ് ദൈവത്തിൽ ഏൽപ്പിക്കുവാൻ അവനു കഴിഞ്ഞില്ല. പ്രാർത്ഥന ഒരു അത്ഭുതമല്ല. പ്രാർത്ഥന നിഗൂഢവുമല്ല. പ്രാർത്ഥന ഒരു ആഭിചാരകനോ മന്ത്രവാദിക്കോ ഉപയോഗിക്കുവാനുള്ളതല്ല. പ്രാർത്ഥന അന്ധവിശ്വാസത്തിൽ നിന്നുായതുമല്ല.

പ്രാർത്ഥന സൃഷ്ടികർത്താവും, രക്ഷിതാവും, ന്യായാധിപതിയും ആയ ... ദൈവത്തെ വിളിക്കുന്നതാണ്! നല്ല ഭാഗ്യമായി അല്ലെങ്കിൽ, മതപരമായ ഒരു ചെറിയ അടയാളമായി ചുരുക്കാവുന്ന ഒന്നല്ല പ്രാർ ത്ഥന. രോഗികൾക്ക് എന്താണ് ആവശ്യമെന്ന് എനിക്കറിയാം എങ്കിലും അവർ ചെറിയ പ്രാർത്ഥന ആവശ്യപ്പെടുമ്പോൾ ഞാൻ ഒഴിഞ്ഞു മാറുന്നു. പ്രാർത്ഥനയെ വാക്കുകൾ കൊുള്ള വിഗ്രഹമാക്കി നാം ചുരുക്കരുത്. ആവശ്യ-ത്താൽ-നടത്തുന്ന-പ്രാർത്ഥനയോ അല്ലെങ്കിൽ ഓടിച്ച്-നടത്തുന്ന-തായ-പ്രാർത്ഥനയോ പ്രാർത്ഥിച്ച് നാം അതിനെ പാഴാക്കി കളയരുത്. പ്രാർത്ഥനയിലായാലും ജീവിതത്തിലായാലും അധികമാകുന്നത് കുഴപ്പമാണ്. (നാം ദൈവവുമായിട്ടുള്ള ഏർപ്പാടിലാണ്!) ദൈവവുമായിട്ടുള്ള സൗഹൃദം സൂക്ഷിക്കുന്നതാണ് പ്രാർത്ഥന എന്ന് അലക്സന്ത്രിയക്കാരനായ ക്ളെമന്റ് പറഞ്ഞു. ചെറിയ പ്രാർത്ഥന പ്രാർത്ഥിക്കാതിരിക്ക; പകരം, നുറുങ്ങിയ ഹൃദയവുമായി, ജീവനുള്ള ദൈവത്തോട് അപേക്ഷിക്കുക. നാം അന്യോന്യം പ്രാർത്ഥിക്കേതാണ് (യാക്കൊബ് 5); എങ്ങനെയായാലും, ചെറിയ പ്രാർത്ഥന എന്ന ആവശ്യം പലപ്പോഴും ഉപദേഷ്ടാക്കന്മാർക്കു മാത്രമായുള്ളതാണ്! അതെ, ഞാൻ ആശുപത്രിയിൽ പ്രാർത്ഥിച്ചിട്ടു് (രോഗികൾ ചെറിയ പ്രാർത്ഥന ആവശ്യപ്പെട്ട

പ്പോൾ പോലും). അതെ, ഞാൻ പ്രാർത്ഥിക്കുന്നു (അവർ ചോദിക്കാതിരുന്നപ്പോൾ പോലും). പ്രാർത്ഥന സ്നേഹമാണ്. പഠിപ്പിക്കുവാനും ശാസിക്കുവാനും ഉള്ള സ്ഥലമല്ല ആശുപത്രി. രോഗിക്കുവേിയുള്ള പ്രാർത്ഥന ഉപദേഷ്ടാക്കന്മാർക്കുമാത്രം ഉള്ളത് അല്ലായ്കയാൽ ദൈവത്തിനു സ്തോത്രം. രഹസ്യ പാസ്‌വേർഡ് ഉപയോഗിക്കുന്ന ഒരു പ്രത്യേക മനുഷ്യനുവേി ഉള്ളതുമല്ല അത്. എല്ലാ സഹോദരന്മാർക്കും വേി എല്ലാ സഹോദരന്മാർക്കും പ്രാർത്ഥിക്കാം. യാക്കൊബ് പറഞ്ഞത് മൂപ്പന്മാരെ വിളിക്കുവാനാണ്, ഉപദേഷ്ടാവിനെ വിളിക്കുവാനല്ല. രോഗികളിൽ ദൈവത്തിനു താല്പര്യമു്. എങ്ങനെയായാലും, ക്രിസ്ത്യാനിത്വത്തിന്റെ തെളിവ് നമ്മുടെ അനുഭവങ്ങളിലോ അല്ലെങ്കിൽ നമ്മുടെ പ്രാർത്ഥന പ്രവർത്തിച്ചപ്പോഴുള്ള സന്ദർഭങ്ങളിലോ അല്ല എന്ന കാര്യം നാം എപ്പോഴും ഓർമ്മിക്കണം. ദൈവം എല്ലാറ്റിനേയും നിയന്ത്രിക്കുന്നു. ചിലപ്പോൾ നാം പ്രാർത്ഥിക്കുകയും രോഗികൾക്ക് സൗഖ്യം ലഭിക്കുകയും ചെയ്യുന്നു; മറ്റു ചിലപ്പോൾ നാം പ്രാർ ത്ഥിക്കുകയും ആളുകൾ മരിക്കുകയും ചെയ്യുന്നു. പ്രാർത്ഥന വിശദീകരണങ്ങൾ നൽകുന്നില്ല. ആശുപത്രി സന്ദർശനത്തിൽ രു നിസ്സാര നിയമങ്ങൾ പാലിക്കേതു്: (1) പ്രദർശിപ്പിക്കുക, (2) നിർത്തുക. നിങ്ങൾ അവിടെ ു്, ദൈവവുമു്. *സന്തോഷിക്കുക!*

ദൈവം ഉള്ളതുകൊ്, യാചിപ്പിൻ, അന്വേഷിപ്പിൻ, മുട്ടുവിൻ! നമ്മിൽ അധികം പേരും ആശുപത്രിയിൽ ആകുമ്പോൾ മരുന്നുകളെ ആശ്രയിക്കും. ദൈവത്തെ കൊല്ല എങ്കിലും, മരുന്നുകൊു രോഗത്തിന് വിരാമമായേക്കാം! ഡോക്ടർമാർ ദൈവമല്ല. ഡോക്ടർമാർ ചികിത്സിക്കുന്നു, എന്നാൽ ദൈവം സുഖമാക്കുന്നു. കുടുംബത്തിന് ഏറ്റവും മോശമായതു സംഭവിക്കുന്നതുകൊു നമ്മിൽ പലരും പ്രാർത്ഥിക്കുന്നു. രോഗിക്കുവേി സുഖമാകേതിനു പ്രാർത്ഥിക്കുകയും പിന്നെ ആ കുടുംബത്തിനുവേി പ്രാർത്ഥിക്കുകയും വേണം. അവർ ബലഹീനരും ക്ഷീണിതരും ആണെങ്കിൽ പോലും, ആ കുടുംബത്തോട് പ്രസംഗിക്കരുത്. പ്രാർത്ഥന പ്രസംഗപീഠത്തിലെ ശക്തി ഉപയോഗിക്കൽ അല്ല. രോഗിക്കുവേി ദൈവത്തോടു പ്രാർത്ഥിക്കുക! പിന്നെ, ദാവീദിനെ പോലെ, മരണം വരുകയാണെങ്കിൽ ദൈവേഷ്ടം സ്വീകരിക്കുക! നാം എന്തുകൊു പ്രാർത്ഥിക്കണം? കാരണം ദൈവം പ്രാർത്ഥനക്കു മറുപടി നൽകും! പകുതി മനസ്സോടെ അപേക്ഷിക്കുന്നവർക്കുള്ളതല്ല പ്രാർത്ഥന. പ്രാർത്ഥന ദൈവത്തിലുള്ള വിശ്വാസത്തിൽ നിന്നുള്ള താണ്.

ബലഹീനത ഇല്ലാത്തിടത്ത്, ദൈവശക്തിക്ക് സ്ഥാനമില്ല. ഒരു ചെറിയ കുട്ടിക്ക് മോശമായ ചിത്രം വരയ്ക്കുവാൻ സാധ്യമല്ല. നാം ആ കുട്ടിയുടെ പരിശ്രമത്തിൽ പൊങ്ങച്ചം പറയും. ഒരു വിശ്വസ്തനായ ക്രിസ്ത്യാനിക്ക് ആദരവോടെ മോശമായി പ്രാർത്ഥിക്കുവാൻ കഴിയുകയില്ല! *പ്രാർത്ഥിക്കുക!* സ്വാർത്ഥതയും, വിഗ്രഹാരാധനയും, അജ്ഞതയും മാറ്റി പ്രാർത്ഥിക്കുക. മോശമായ സാഹചര്യങ്ങളിലും പ്രാർത്ഥിക്കുക. *എന്തുകൊ്? കാരണം ചെറിയ പ്രാർത്ഥനകൾ എന്നൊന്നില്ല!* നമ്മുടെ മുട്ടുകളിൽ നിന്ന് പ്രാർത്ഥിക്കുക ... അതേ പോലെ, നിങ്ങളുടെ ഉപ്പൂറ്റിയിൽ നിന്ന്, ദൈവമഹത്വം പ്രതീക്ഷിച്ച് പ്രാർത്ഥിക്കുക!

# കർത്താവിന്റെ പ്രാർത്ഥന

## മത്തായി 6:9 - 13

*സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെ പോലെ, ഭൂമിയിലും ആകേണമേ. ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതു പോലെ, ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ, ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ. [രാജ്യവും, ശക്തിയും, മഹത്വവും, എന്നേക്കും നിനക്കുള്ളതല്ലോ. ആമേൻ.] (മത്തായി 6:9–13; കൂടാതെ നോക്കുക ലൂക്കൊസ് 11:2–4).*

എന്റെ ശുശ്രൂഷയിലെ ഏറ്റവും താഴ്മയുള്ള അനുഭവമായിരുന്നു ഈ പാഠങ്ങളുടെ എഴുത്ത്. പ്രാർത്ഥന എന്നത് ദൈവത്തോടുള്ള ആദരവും കീഴ്പ്പെടലുമാണ്. എനിക്ക് ദൈവത്തോടു സംസാരിക്കുവാൻ കഴിയും! എനിക്ക് ദൈവത്തെ ശ്രദ്ധിക്കുവാൻ കഴിയും! എന്റെ ജീവിതത്തിൽ ദൈവം എപ്പോഴും സജീവമായി പ്രവർത്തിക്കുന്നു! ഇപ്പോൾ നാം കർത്താവിന്റെ പ്രാർത്ഥനയിലേക്കു വന്നിരിക്കയാണ്. ഇത് വിശുദ്ധ ഭൂമി ആകയാൽ എന്റെ പേന വിറയ്ക്കുന്നു. ചിലർ അതിൽ ലജ്ജിക്കുന്നതു എന്തുകൊാണ്? ക്രിസ്തുവാണ് അതിന്റെ ഉപജ്ഞാതാവ്; അത് പത്രൊസിന്റേതോ പൗലൊസിന്റേതോ അല്ല, അത് അവനുള്ളതുമാത്രമാണ്. അത് എഴുതിയത് താനാണെന്ന് സ്ഥിരീകരിക്കുവാൻ അതിന്റെ ഉപജ്ഞാതാവിനു അതു വായിക്കണമെന്നില്ല. അതിനെ കുറിച്ച് പാട്ടു പാടുന്നവരെ ചിലർ വിലക്കുന്നു്. ഇത് വലിയ പ്രശ്ന ങ്ങൾ ഉാക്കുന്നതുകൊ് ഒരു തിരുവെഴുത്തിനെ കുറിച്ചു പാടുന്നത് തെറ്റാണോ?

ഞങ്ങളെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ, എന്ന് ശിഷ്യന്മാർ ആവശ്യപ്പെട്ടു. യേശു അതു ചെയ്തു. അവർക്ക് അവൻ ഒരു പ്രാർത്ഥന കൊടുത്തു. അവൻ അവർക്ക് നൽകിയത് ഒരു സൂത്രമോ, ഒരു പദ്ധതിയോ, ഒരു പ്രാർത്ഥനാക്രമമോ, ജപമോ, ഒരു ചേരുവയോ അല്ല എന്നാൽ ഒരു പ്രാർത്ഥനയാണ്. ആ ചെറിയ, ലളിതമായ പ്രാർത്ഥനയിൽ പ്രാർത്ഥനയുടെ എല്ലാ തത്വങ്ങളും അടങ്ങിയിരിക്കുന്നു. അത് എങ്ങനെ പ്രാർത്ഥിക്കണമെന്ന് യേശു നമ്മോടു പറയുന്നതാണ്. ലൂക്കൊസ് വെളിപ്പെടുത്തുന്നതു, നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, പറയുക എന്നാണ്. ആ പ്രാർത്ഥന മനഃപ്പാഠമാക്കുന്നത് വചനാനുസരണമാണ്. ആ പ്രാർത്ഥന പറയുന്നതും വചനപ്രകാരമാണ്. ആ പ്രാർത്ഥന പഠിപ്പിക്കുന്നത് (യേശു ചെയ്തതുപോലെ) വചനാനുസരണമാണ്. എല്ലാ പ്രാർത്ഥനകളും ആ മാതൃകയിൽ ഉൾപ്പെടുന്നു. അത് പ്രാഥമികവും, പൊതുവായതുമാണ്. തൊട്ടിൽ മുതൽ കല്ലറ വരെ അത് ഉചിതമാണ്. അതിനെ നാം വിട്ടുകളയാമോ? അങ്ങനെ ചെയ്താൽ അതു പരിഹാസ്യമാകും!

ഒരു അതിരറ്റ വിഷയത്തെ (പ്രാർത്ഥന) ഇവിടെ, ലളിതമായ ഏതാനും വാക്കുകളിൽ ചുരുക്കിയിരിക്കുന്നു. അടുത്തത് സങ്കീർ ത്തനം 23 ആണ്, ബൈബിളിലെ ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്നതും അറിയപ്പെടുന്നതുമായ വേദഭാഗമാണ് അത്. ആ ചുരുക്കം ഞെട്ടിക്കുന്നതാണ്. നീ പ്രാർത്ഥ

നകളെ (നീ പ്രസംഗങ്ങൾ അല്ല) തിരുവെഴുത്തിൽ ഖണ്ഡിച്ചിരിക്കുന്നു. സഭയിൽ ഒരു സഹോദരൻ നീ പ്രാർത്ഥന നടത്തുന്നതിനെ ഒരു മനുഷ്യൻ നിരീക്ഷിച്ചുകൊു പറഞ്ഞത്, അയാൾ തന്റെ വീട്ടിൽ മതിയായത്ര പ്രാർത്ഥിക്കുന്നില്ല എന്നാണ്. കർത്താവിന്റെ പ്രാർത്ഥന ഒരു മിനുട്ടിൽ കുറഞ്ഞ സമയം കൊു ചൊല്ലാവുന്നതാണ്, എന്നാൽ അത് മനസ്സിലാക്കത്തക്കതാണ്:

(1) ഒന്നാമത്തെ ഭാഗം (ദിവസേനയുള്ള ആഹാരം) ഭൗതികമായ ആവശ്യങ്ങളുമായി ബന്ധപ്പെട്ടതാണ്.

(2) രാമത്തേത് (ക്ഷമാപണം) ബന്ധത്തിൽ ആവശ്യമുള്ളതാണ്.

(3) മൂന്നാമത്തേത് (പരീക്ഷണം) ആത്മീയമായ ആവശ്യങ്ങളെ സൂചിപ്പിക്കുന്നു.

അഗാധമായ പ്രാർത്ഥന തികച്ചും ലളിതവും സങ്കീർണ്ണമല്ലാത്തതുമാണ്. ബൈബിളിലെ പ്രമുഖരുടെ പ്രാർത്ഥനകൾ, വാസ്തവത്തിൽ, വിപുലമായ വാക്കുകളുടെ ആവശ്യം തള്ളിക്കളയുന്നതും ലാളിത്യത്തെ വെളിപ്പെടുത്തുന്നതുമാണ്.

നിങ്ങളുടെ പ്രാർത്ഥന എത്രത്തോളം നീതാണ് എന്നുള്ളതിലല്ല
അത് എത്ര നീതായാലും ശരി.
നിങ്ങളുടെ പ്രാർത്ഥനയുടെ എണ്ണത്തിൽ അല്ല
അത് എത്രയെണ്ണമായാലും ശരി.
നിങ്ങളുടെ പ്രാർത്ഥനയുടെ വാക്കുകൾ അല്ല
അതു കേൾക്കാൻ എത്ര സുഖകരമായ വാക്കുകളായാലും ശരി.
നിങ്ങളുടെ പ്രാർത്ഥനയുടെ ഒഴുക്കിലല്ല
എത്രപേരെ അതു പ്രസാദിപ്പിച്ചാലും ശരി.
നിങ്ങളുടെ പ്രാർത്ഥനയുടെ ഉയരത്തിലല്ല
അതെത്ര ഉയർന്നു കേട്ടാലും ശരി.
നിങ്ങളുടെ പ്രാർത്ഥനയുടെ വീതിയുമല്ല
അതെത്ര ദൂര-വ്യാപകമായിരുന്നാലും ശരി.
എന്നാൽ നിങ്ങളുടെ പ്രാർത്ഥനകളുടെ ശക്തി
ദൈവവുമായി യോജിപ്പുള്ള ഹൃദയത്തിൽ നിന്നുള്ളതാകണം!

മാതൃകാ പ്രാർത്ഥന തികവും എല്ലാ അർത്ഥത്തിലും പൂർണ്ണതയു മുള്ളതാണ്. അത് ചെറുതും ലളിതവുമാണെങ്കിലും, അതിനോടു ഒന്നും കൂട്ടേതില്ല. അതിൽ പുകഴ്ച്ചയും, നന്ദിയും, ആശ്രയവും, അപേക്ഷയും, പാപക്ഷമാപണവും, വഴികാട്ടലും ഉൾപ്പെട്ടിരിക്കുന്നു. അത് ഉദ്ധരിക്കേ തിനുള്ള പ്രാർത്ഥനാ ക്രമമല്ല, എന്നാൽ അത് അനുകരിക്കേ ഒരു മാതൃകയാണ്. അതുമായി പരിചയപ്പെടുക.

### സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

മുകളിൽ ഒരു ദൈവമുോ?
അവൻ അറിയുന്നുോ? കരുതുന്നുോ? പ്രവർത്തിക്കുന്നുോ?
അവൻ എന്നെ കുറിച്ച് അറിയുകയും കരുതുകയും ചെയ്യുന്നുോ?

അതാണ് മനുഷ്യന്റെ സുദൃഢമായ അവസ്ഥ. അതുകൊാണ് മനുഷ്യൻ പ്രാർത്ഥിപ്പാൻ ആഗ്രഹിക്കുന്നത്. ആ ചോദ്യങ്ങൾക്കെല്ലാം യേശു മറുപടി തരുന്നു, *അതെ!* ഒരു ഉത്തമമായ വാചകത്തിൽ നമ്മുടെ താഴ്മ, ആദരവ് സ്ഥിരീകരിക്കുന്നതോടൊപ്പം ഉറപ്പിച്ചിരിക്കുന്നു.

*പിതാവ്!* ലോകം ദൈവത്തെ ഒരു പിതാവായി കിട്ടില്ല. യെഹൂദ ദേശത്തിനു മുഴുവനായും പ്രയോഗിക്കാവുന്ന പിതൃത്വം യെഹൂദന്മാർക്ക് മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. വ്യക്തിപരമായ പിതാവായ – ദൈവം എന്നതിന്റെ ആശയത്തെ ഒരിക്കലും പരിഗണിച്ചിരുന്നില്ല. യേശു ദൈവത്തെ ഒരു പിതാവായിട്ടാണ് വെളിപ്പെടുത്തിയത് (മത്തായി 7:11, 12; ലൂക്കൊസ് 11:11–13). ദൈവം യേശുവിനെ പാപമാക്കി ക്രൂശിലേറ്റിയപ്പോൾ മാത്രമാണ് ദൈവത്തെ യേശു ദൈവമേ എന്നു വിളിച്ചത്. പുതിയ നിയമത്തിൽ ദൈവത്തെ ചുരുങ്ങിയത് 360 പ്രാവശ്യം പിതാവ് എന്നു വിളിച്ചിട്ടു്. ദൈവം വ്യക്തിത്വമില്ലാത്ത ഒരു ന്യായാധിപതിയല്ല, പിന്നെയോ ഒരു സ്നേഹമുള്ള പിതാവാണ്. ഓ, ഒരു നല്ല പിതാവിന്റെ വിലയേറിയ ഓർമ്മകൾ! മാർട്ടിൻ ലൂതറിനു ദൈവത്തെ പിതാവായി ആശ്ലേഷിപ്പാൻ കഴിഞ്ഞില്ല കാരണം അവനു മോശമായ ഒരു അപ്പനാണ് ഉായിരുന്നത്. ഏറ്റവും വലിയ അനുഗ്രഹം ദൈവം തന്നെയാണ്. ഒരു വസ്തു തരുന്ന ആളെ കൂടാതെ വസ്തുവിനെ മാത്രം ആഗ്രഹിക്കുന്നത് സൗഹൃദത്തിനു അപമാനമാണ്. മത്സരിയായിരുന്ന മുടിയനായ പുത്രൻ പിതാവിനെയല്ല, പണമായിരുന്നു ആഗ്രഹിച്ചത്. എന്നാൽ പശ്ചാത്തപിച്ച മുടിയനായ പുത്രൻ പിതാവിനെ മാത്രം ആഗ്രഹിച്ചു. സ്വർഗ്ഗം ദൈവമാണ്! ദൈവം നമ്മുടെ പിതാവാണ്! അത് സ്നേഹം സ്നേഹത്തോടു പ്രതികരിക്കുന്നതാണ്. ആരാധനയുടെ ലക്ഷ്യമായ, ദൈവം, ആരാധനയുടെ പ്രചോദനവുമായി തീരുന്നു. അവനെ കാണുക എന്നാൽ അവനെ സ്നേഹിക്കുക എന്നതാണ്. അവനെ സ്നേഹിക്കുക എന്നാൽ അവനെ ആരാധിക്കുക എന്നാണ്.

അബ്ബ! യേശു പിന്നെയും പോയി. അവൻ അരാമിക് വാക്കായ *അബ്ബാ* എന്നതു പിതാവിനുവേി ഉപയോഗിച്ചു. യെഹൂദ കുട്ടികൾ ഡാഡി എന്നും മമ്മാ എന്നും ഉള്ളതിനു ആദ്യം പഠിച്ച വാക്കുകളായിരുന്നു അബ്ബാ എന്നും ഇമ്മാ എന്നും. യേശുവിന് ദൈവത്തോടുള്ള ഏറ്റവും വലിയ അടുപ്പം നമ്മെ ആശ്ചര്യപ്പെടുത്തുന്നതാണ്! അത് ഏറ്റവും ആഴമേറിയതും, അതേ സമയത്ത് വ്യക്തിപരമായതുമാണ്! മതപരമായ എല്ലാ പ്രാർത്ഥനകളിലും അബ്ബാ എന്നതിനു സമാന്തരമായി ഉപയോഗിക്കുന്ന മറ്റൊന്നില്ല. അത് യേശുവിന് ദൈവത്തോടുള്ള പ്രത്യേകമായ ബന്ധത്തെയും, ദൈവത്തിന്റെ പ്രത്യേക പുത്രനെയുംസൂചിപ്പിക്കുന്നു. അതേ ശക്തമായ ബന്ധം നമ്മോടും പങ്കിടണമെന്ന് യേശു വ്യക്തമാക്കി (ഗലാത്യർ 4:6 നോക്കുക). *പ്രാർത്ഥനയിലെ ഏറ്റവും വലിയ ദാനം ദൈവം തന്നെയാണ്!*

*നമ്മുടെ പിതാവ്.* സ്നേഹമുള്ള ഒരു പിതാവ് എന്നനിലയിൽ ദൈവത്തെ കുറിച്ചു ഒരു പ്രത്യേക കാഴ്ച്ചപ്പാടാണ് യേശു ലോകത്തിനു നൽകുന്നത്. അത് ജാതികളുടെ ലോകത്തെ മാത്രമല്ല, യെഹൂദ ദേശത്തെയും അത്ഭുതപ്പെടുത്തി. യെഹൂദന്മാർ ദൈവത്തെ അവരുടെ പിതാവായി കു, അല്ലാതെ നമ്മുടെ പിതാവായിട്ടല്ല. ചില രീതിയിൽ പറഞ്ഞാൽ യെഹൂദന്മാർ യേശുവിനെ ക്രൂശിൽ തറെച്ചില്ല കാരണം അവൻ ദൈവപുത്രനാണെന്നു അവകാശപ്പെട്ടു. ക്രിസ്തുവിന്റെ സമയത്ത് യെഹൂദന്മാർ മശിഹക്കുവേി കാത്തിരിക്കയായിരുന്നു. അന്ന് കള്ള ക്രിസ്തുക്കൾ ധാരാളം ഉായിരുന്നു. ദൈവത്തിൽ

നിന്നുവന്ന, ദൈവമായിരുന്നു മിശിഹ. അക്ഷരീകമായി, യെഹൂദന്മാർ യേശുവിനെ ക്രൂശിൽ തറെക്കുവാൻ കാരണം അവൻ മനുഷ്യപുത്രനായിരുന്നു. അവന്റെ സാർവ്വത്രികമായ ഉപദേശം അവരുടെ ഇടുങ്ങിയ ചിന്താഗതിയെ നശിപ്പിച്ചു. അവൻ ജീവിച്ചതും മരിച്ചതും അവർക്കുവേി മാത്രമായിരുന്നില്ല എല്ലാവർക്കും വേി ആയിരുന്നു. അവൻ ജാതികൾക്കും വേയിയാണ് മരിച്ചത്! അഹങ്കാരികളായിരുന്ന യെഹൂദന്മാർക്ക് ആ സത്യം സ്വീകരിപ്പാൻ കഴിഞ്ഞില്ല. കർത്താവിന്റെ പ്രാർത്ഥനയുടെ പ്രാധാന്യവും, കേന്ദ്രവുമായ അടിസ്ഥാനവിഷയം ഓരോ വ്യക്തിയുടേയും അളവറ്റ വിലയാണ്, എങ്കിലും ആ പ്രാർത്ഥനയിൽ ഞാൻ എന്നും എനിക്ക് എന്നും ഉള്ള സർവ്വനാമം ഉപയോഗിച്ചിട്ടില്ല. ഞങ്ങളുടെ പിതാവേ എന്നാണ് ആ പ്രാർത്ഥനയിൽ ഉടനീളവും പറഞ്ഞത്. യേശു ആദ്യം പഠിപ്പിച്ചത് ഒരു വിശ്വാസിക്ക് ആരാധകനോടുള്ള ബന്ധത്തെ ആയിരുന്നു എന്നത് ശ്രദ്ധേയമാണ്. യേശു പറഞ്ഞു, ഞങ്ങളുടെ പിതാവേ, എന്നു പറയുക. ദൈവത്തിന്റെ പിതൃത്വം മനുഷ്യരുടെ സാഹോദര്യ ബന്ധത്തിനനിവാര്യമാണ്. ലൂക്കൊസ് 15-ലെ മൂത്ത മകൻ മനസ്സിലാക്കേയിരുന്നത് തന്റെ സഹോദരനെ സ്നേഹിക്കാതെ അവനു അപ്പനെ സ്നേഹിക്കുവാൻ കഴിയുകയില്ല എന്നതാണ്. ദൈവത്തെ മഹത്വപ്പെടുത്തുക! ദൈവത്തിന്റെ അത്ഭുത നാമത്തെ മഹത്വപ്പെടുത്തുക, ദൈവത്തിന്റെ പരമാധികാരത്തെയും സർവ്വശക്തിയെയും മഹത്വപ്പെടുത്തുക!

**നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം വരേണമേ**

ദൈവവുമായി കൂട്ടുചേരുന്നതാണ് പ്രാർത്ഥന. അത് അനുസരണത്തോടെയുള്ള വെറും കീഴ്പെടൽ അല്ല ഒരു സ്നേഹബന്ധമാണ്. അതു വളരെ അടുപ്പമുള്ള ഒരു ബന്ധമാണ് അല്ലാതെ ഒരു പ്രകടനമല്ല. ദൈവരാജ്യത്തെ കുറിച്ച് ധാരാളം തെറ്റുകൾ ഇന്നു സംഭവിച്ചിട്ടു്: (1) ചിലയാളുകൾ അതിനെ വിലക്കിയിട്ടു്. അതിനെ വെറുതെ അവഗണിക്കുക മാത്രമല്ല അടച്ചുവച്ചിരിക്കുകയാണ്. ഉപയോഗശൂന്യമായി മാറിയിരിക്കുന്ന മറ്റൊരു ബൈബിൾ വാക്കാണ് രാജ്യം എന്നത്. മനശ്ശാസ്ത്രം അകത്താണ്; വേദശാസ്ത്രം പുറത്തുമാണ്. രാജ്യം? മറന്നുകളക! (2) വേറെ ചിലർ അതിനെ സ്ഥാപനം പോലെയാക്കി മാറ്റിയിരിക്കുന്നു. നമ്മുടെ ജീവിതത്തിലുള്ള ദൈവത്തിന്റെ വാഴ്ച്ചയും, സിംഹാസനവും, അധികാരവുമാണ് രാജ്യം. അത് ക്രിസ്തുവിന്റെ സഭയായി ജീവിക്കുന്നതാണ്.

എനിക്ക് ദൈവത്തോടു ചിലത് സംസാരിപ്പാനു്, എന്നാണ് സാധാരണ പ്രാർത്ഥനയിൽ നാം കരുതുന്നത്. എന്നാൽ യേശു നിരീക്ഷിച്ചത്, ദൈവത്തിന് നിങ്ങളോടു ചിലതു പറയുവാനു് എന്നാണ്. *നമ്മുടെ ആഗ്രഹത്തെ* ദൈവം അനുഗ്രഹിക്കണമെന്ന് ആവശ്യപ്പെടുന്നതിലുമപ്പുറമാണ് പ്രാർത്ഥന അത് *അവന്റെ ഇഷ്ടം* നിർവ്വഹിക്കുന്നതിനുവേയിയുള്ള വിവരങ്ങൾ നൽകുന്നതാണ്! നിന്റെ ഇഷ്ടം മാറ്റേണമേ എന്നല്ല, നിന്റെ ഇഷ്ടം നടത്തേണമേ എന്നാണ്, നാം പ്രാർത്ഥിപ്പാൻ ശീലിക്കേത്. സ്വന്തം ഇഷ്ടത്തെ പ്രസാദിപ്പിക്കുകയല്ല, ദൈവത്തെ പ്രസാദിപ്പിക്കുകയാണ് പ്രാർത്ഥനയുടെ ലക്ഷ്യം. നിന്റെ ഇഷ്ടം നടത്തേണമേ എന്നത് എന്റെ ജീവിതത്തിലെ സ്വന്തം ഇഷ്ടത്തെ ത്യജിച്ച് എന്നെ ദൈവേഷ്ടത്തിനായി വിട്ടുകൊടുക്കുന്നതാണ്. അങ്ങനെയുള്ള പ്രാർത്ഥന കീഴ്പ്പെടലും, ത്യജിക്കലും, മരണവും, ഉപേക്ഷിക്കലും, സമർപ്പണവും ഉള്ളതാണ്. വാസ്തവത്തിലുള്ള പ്രാർത്ഥനയുടെ അക്ഷരികമായ ഉദ്ദേ

ശം, പിതാവേ, നിന്റെ ഇഷ്ടം നടക്കേണമേ എന്നു പറയുവാനും, ഭൂമിയെ സ്വർഗ്ഗീയ കണ്ണുകളാൽ കാണുവാൻ എന്നെ സഹായിക്കേണമേ എന്ന് അപേക്ഷിക്കുന്നതുമല്ലേ? പ്രാർത്ഥന സ്വയത്തെ – കീഴ്പ്പെടുത്തുന്നതാണ്. ശിഷ്യതത്തിന്റെ ശ്വാസമാണ് പ്രാർത്ഥന. പ്രാർത്ഥനയിൽ നാം ദൈവത്തെ കാണുന്നില്ലെങ്കിൽ, നാം അവനെ കാണുകയേ ഇല്ല. ദൈവത്തെ പ്രസാദിപ്പിക്കുന്ന ഒരു പൈതലാകുവാൻ ഞാൻ ആഗ്രഹിക്കുന്നു! നിന്റെ ഇഷ്ടം നടക്കേണമേ. ദൈവരാജ്യം വരുമ്പോൾ മാത്രമാണ് അവന്റെ ഇഷ്ടം നടക്കുന്നത്! ദൈവസഹായത്താൽ എന്റെ ഇഷ്ടം നടക്കേണമേ എന്നതല്ല പ്രാർത്ഥന, എന്നാൽ എന്റെ സഹായത്താൽ നിന്റെ ഇഷ്ടം നടക്കേണമേ എന്നതാണ്. ദൈവരാജ്യത്തിൽ ആകുക എന്നാൽ ദൈവത്തെ രാജാവാക്കുക എന്നതാണ്! ദൈവേഷ്ടം ചെയ്യുന്നതിനുള്ള ഒരു ഏക-മാർഗ്ഗ മനസ്സായിരുന്നു ക്രിസ്തുവിന് ഉായിരുന്നത്. നിങ്ങളുടെ വഴിക്ക് മാത്രം വരുമ്പോൾ കയറുന്ന ഒരു ബസ് പോലെയല്ല മതം. ജോൺ വെസ്ലി പറഞ്ഞു, നമുക്കു വേത് ദൈവേഷ്ടം അറിയുവാനുള്ള ആഗ്രഹമാണ്, അതു ചെയ്യുന്നതിനുവേിയുള്ള ഒരു ഉറച്ച തീരുമാനവും വേണം. ഒരു കവി ചെയ്തതുപോലെ നാം പ്രാർത്ഥിക്കണം: ... എന്റെതായ ഒന്നും എന്നിൽ അവശേഷിപ്പിക്കരുതേ. രു വസ്തുതകൾ ഓർമ്മിക്കണം: (1) നാം ശ്രദ്ധിച്ചാൽ നമുക്കു ദൈവത്തെ കേൾക്കാം, (2) ദൈവേഷ്ടത്തിലാണെങ്കിൽ ക്രിസ്ത്യാനികൾക്ക് എന്തും കൈകാര്യം ചെയ്യുവാൻ കഴിയും.

### ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ

മതം ചിലർക്ക് അസാധാരണ കാര്യങ്ങൾ ചെയ്യും. ലോകപരമായ ആവശ്യങ്ങൾ നിത്യമായ കാര്യങ്ങളുമായി കൂട്ടിക്കുഴഞ്ഞു കാണുന്നതിൽ മതപരമായി ഉയർന്നു നില്ക്കുന്നവർക്കു അതിശയമാണ്. പലരും സ്വർഗീയമനസുള്ളവരായതുകൊ് തങ്ങൾ ലോകത്തിനു കൊള്ളാത്തവരാണെന്നാണ് കരുതുന്നത്. പിതാവു കണക്കിലെടുക്കാത്ത ഒന്നും നാമും കണക്കിലെടുക്കരുത്. ആ വലിയ പ്രാർത്ഥനയിൽ യേശു ദൈവേഷ്ടത്തിൽനിന്നു പെട്ടെന്നു ഭൗമിക അപ്പത്തിലേക്കു തിരിഞ്ഞു. എന്തൊരു രക്ഷകൻ! എന്തൊരു പ്രാർത്ഥന! ദൈവത്തിനു, ഒന്നും സാധാരണമല്ല.

പറഞ്ഞ അപ്പം ഓരോ ദിവസത്തേയുമായിരുന്നു. നാളത്തെ അപ്പത്തിനുവേിയല്ല യേശു പ്രാർത്ഥിച്ചത്. അത് അപ്പമായിരുന്നു, അല്ലാതെ കേക്കോ കറികളോ അല്ല. മന്ന ഒരു ദിവസം ഒരു നേരം പെറുക്കി എടുക്കേതായിരുന്നു. ദൈവം നമുക്ക് ഓരോ ദിവസവും നല്കുന്നു. അതാണ് നമ്മുടെ വിശ്വാസം.

ഇതു മനസിലാക്കുവാൻ നമുക്ക് പ്രയാസമാണ്. ഇന്നു പല സ്ഥലങ്ങളിലേതുപോലെ, യേശുവിന്റെ കാലത്തും, ആളുകൾ വിഷമിച്ചായിരുന്നു ഓരോ ദിവസവും കഴിച്ചുകൂട്ടിയിരുന്നത്. സമ്പൽസമൃദ്ധി നമ്മെ ചതിക്കും. സമ്പൽസമൃദ്ധിയുള്ളവർക്ക് ധാരാളമായും ഒരുപക്ഷെ അധികമായും ഉായിരിക്കാം. അവർ ധനികരും ഒന്നിനും കുറവില്ലാത്തവരുമാണ് എങ്കിലും ദൈവത്തിലാണ് നാം ജീവിക്കേതും നിലനില്ക്കേതും (പ്രവൃത്തികൾ 17:28). മനുഷ്യനു ദിവസവും ആഹാരവും, ദൈവവും ആവശ്യമാണ്.

### ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു ക്ഷമിക്കേണമേ

യേശു എത്ര ജ്ഞാനി ആയിരുന്നു! എത്ര കഴിവുള്ളവനായിരുന്നു! ക്ഷമി

ക്കണോ അതോ ക്ഷമിക്കാതിരിക്കണോ, അതാണ് ചോദ്യം. എല്ലാവർക്കും ദിവസേന ആഹാരവും ദിവസേന ക്ഷമാപണവും ആവശ്യമാണ്. ദിവസം ഒരു പ്രാവശ്യം നമ്മെ പോറ്റുന്നു. നാം ഒരു ദിവസം ഒരു പ്രാവശ്യം രക്ഷിക്കപ്പെടുന്നു. നമ്മോടു ക്ഷമിക്കുവാൻ നാം ക്ഷമിക്കണം. നാം ക്ഷമിച്ചാലേ നമ്മോടും ക്ഷമിക്കയുള്ളൂ. നാം പ്രാർത്ഥിക്കുന്നതു പരിശീലിക്കണം. ക്ഷമാപണത്തിന്റെ രഹസ്യം എന്താണ്? ദൈവം നമ്മോടു ക്ഷമിച്ചതു നാം കാണണം! എല്ലാവർക്കും കടന്നു പോകേ പാലം നാം തകർക്കരുത്. ഈ പ്രാർത്ഥനയിൽ ക്ഷമാപണത്തിന്റെ പ്രാധാന്യം യേശു ഊന്നിയിരിക്കയാണ്. എനിക്ക് ദൈവത്തിന്റെ ക്ഷമാപണം ആവശ്യമാണ്! ഞാൻ നിങ്ങളോടു ക്ഷമിക്കണം! അതാണ് ജീവിതത്തിലെ കാതലായ ഭാഗം. നിസഹായരാകുക, മാനസാന്തരപ്പെടുക, ഏറ്റു പറയുക എന്നതെല്ലാം വളരെ പ്രയാസമുള്ളതാകുന്നു. ഞങ്ങൾ ഞങ്ങളുടെ കടക്കാരോടു ക്ഷമിച്ചതുപോലെ എന്നത് ഒരുപക്ഷെ ഇതുവരെയുള്ളതിൽ പ്രയാസമുള്ള പ്രയോഗവുമാണ്.

ദൈവത്തിന്റെ ക്ഷമാപണം സ്വീകരിപ്പാൻ നമുക്ക് കഴിയുമോ? നമുക്ക് മറ്റുള്ളവരോടു ക്ഷമിക്കുവാൻ കഴിയുമോ? *പരീക്ഷണങ്ങൾ നിറഞ്ഞിരിക്കുന്നു!* ജീവിതം അപകടകരമാണ്. സാത്താൻ ജീവിച്ചിരുന്നു ഭൂമിയിൽ പ്രവർത്തിക്കുന്നു്! യേശു അപേക്ഷിച്ചിരുന്നതിലെല്ലാം ആവശ്യങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. നാം നിസഹായരും, നഷ്ടപ്പെട്ടവരുമാണ്. നമുക്ക് ദൈവം ആവശ്യമാണ്. നമുക്ക് സഹായം ആവശ്യമാണ്. ദൈവത്തിന്റെ വഴികാട്ടിയാണ് നമ്മുടെ സുരക്ഷിതത്വം. കൂടുതൽ നാം പരീക്ഷിക്കപ്പെടാതിരിക്കേതിന്നു നമ്മെ കാക്കുക മാത്രമല്ല അവൻ ചെയ്യുന്നത്, പരീക്ഷണത്തോടൊപ്പം പോക്കുവഴിയും ഒരുക്കും (1 കൊരിന്ത്യർ 10:12, 13). നാം ദീർഘമായും ഉച്ചത്തിലും പ്രാർത്ഥി ക്കാറു്. ആറു വാചകങ്ങൾ മാത്രം ഉള്ളതായിരുന്നു യേശുവിന്റെ പ്രാർത്ഥന! നീ പ്രാർത്ഥനകൾക്കു നൽകുവാൻ കഴിയാത്ത താഴ്മയും ആശ്രയവും ആ പ്രാർത്ഥനയാൽ നമുക്കു കൈവരിക്കുവാൻ കഴിയും.

ദൈവത്തോടുകൂടിയാണ് യേശു ആ പ്രാർത്ഥന തുടങ്ങിയത്; അവൻ അത് അവസാനിപ്പിച്ചതും ദൈവത്തോടുകൂടിയാണ്: രാജ്യവും, ശക്തിയും, മഹത്വവും, എന്നേക്കും നിനക്കുള്ളത്. ... (മത്തായി 6:13). *ആമേൻ, ആമേൻ!*

***"കർത്താവേ, ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല...***
***എനിക്ക് നിന്നിൽ വിശ്വാസമു്.***
***വിശ്വാസത്തിൽ പ്രാർത്ഥിപ്പാൻ എന്നെ പഠിപ്പിക്കേണമേ."***